# വിവാഹജീവിതം: കാലോചിത മാറ്റത്തിനു കത്തോലിക്കാ സഭ

■ ജോയ് എം. മണ്ണൂർ

തൃശൂർ

വിവാഹ ജീവിതത്തിന് യാഥാസ്ഥിതിക മനോഭാവം പിന്തുടരുന്ന കേരളത്തിലെ കത്തോലിക്കാ സമൂഹം മാറി ചിന്തിക്കാൻ തുടങ്ങുന്നു. വിവാഹജീവിതത്തിൻെറ പവിത്രത കൈവിടാതെ കാലത്തിനനുസരിച്ചുള്ള മാറ്റത്തിനു സഭയിലെ യുവജന സമൂഹം മുന്നോട്ടു വരികയാണ്.

കേരളത്തിലെ വിവിധ ഭാഗങ്ങളിലായി യുവജനങ്ങളിൽ നടത്തിയ സർവേയിൽ വിവാഹ ജീവിതത്തിൽ കാലോചിതമായ മാറ്റങ്ങൾക്ക് സഭ തയ്യാറാകണമെന്ന നിർദ്ദേശമുയർന്നു.

ദമ്പതികളാകാൻ പോകുന്നവർ വിവാഹത്തിനു മുമ്പ് മെഡിക്കൽ പരിശോധന നടത്തി എയ്ഡ്സ് അടക്കമുള്ള മാരകമായ ലൈംഗിക രോഗങ്ങളോ മറ്റ് ഗുരുതരമായ രോഗങ്ങളോ, മാനസികവൈകല്യങ്ങളോ ഇല്ലെന്നു സാക്ഷ്യപ്പെടുത്തുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കാൻ തയ്യാറാകണമെന്ന് സർവേയിൽ പങ്കെടുത്തവരിൽ 95 ശതമാനം പേരും നിർദ്ദേശിച്ചു. അതിൽ തന്നെ യുവാക്കളെക്കാൾ കൂടുതലായി യുവതികൾ മെഡിക്കൽ പരിശോധന അഭിലഷിക്കുന്നതായി തെളിഞ്ഞു. വിവാഹത്തിനു മുമ്പുള്ള മെഡിക്കൽ പരിശോധന വ്യക്തിയുടെ അവകാശത്തിൻെറയും സ്വാതന്ത്ര്യത്തിൻെറയും മാത്രം കാര്യമാണെന്ന മുൻ നിലപാടുകളിൽ നിന്നു മാറി ചിന്തിക്കാൻ തുടങ്ങി എന്നതിൻെറ സൂചനയായിരുന്നു സർവേ ഫലം.

പെണ്ണുകാണൽ ചടങ്ങിനോടുനുബന്ധിച്ച് പെൺകുട്ടിക്ക് വരൻെറ വീട് സന്ദർശിക്കാനും സാഹചര്യങ്ങൾ വിലയിരുത്താനും അവസരം നൽകണമെന്ന് സർവേയിൽ പങ്കെടുത്ത 97 ശതമാനം യുവതികളും ആവശ്യപ്പെട്ടു. യുവാക്കളിൽ 85 ശതമാനത്തോളം പേരും ഇക്കാര്യത്തിൽ യോജിപ്പ് പ്രകടിപ്പിച്ചു. ഇന്നത്തെ സാഹചര്യത്തിൽ വിവാഹിതയാകുന്ന പെൺകുട്ടിയുടെ വീട്ടുകാരും ബന്ധുക്കളും കുടുംബ സുഹൃത്തുക്കളും മാത്രമേ വിവാഹത്തിനു മുമ്പ് വരൻെറ വീട് സന്ദർശിക്കാറുള്ളൂ. കേരളത്തിലെ വിവിധ രൂപതകളിലെ കുടുംബ പ്രേഷിത കേന്ദ്രങ്ങളുടെ ആഭിമുഖ്യത്തിലായിരുന്നു സർവേ. 2004 നവംബറിൽ സീറോ മലബാർ സഭയുടെ കേന്ദ്ര കാര്യാലയമായ കാക്കനാട് മൗണ്ട് സെൻറ് തോമസിൽ സമ്മേളിച്ച മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയിൽ കുടുംബജീവിതത്തെക്കുറിച്ച് നടന്ന ചർച്ചയിൽ പൊന്തിവന്ന നിർദ്ദേശങ്ങളുടെ ചുവടുപിടിച്ചാണ് സർവേ നടന്നത്. ഇക്കഴിഞ്ഞ ജനുവരി മുതൽ ജൂൺ 15 വരെ നടന്ന സർവേയിൽ സഭയിലെ മുപ്പതിനായിരത്തോളം യുവജനങ്ങൾ പങ്കെടുത്തു.

എറണാകുളം അതിരൂപതാ കുടുംബ പ്രേഷിത കേന്ദ്രം വിവാഹത്തിനൊരുക്കമായി നടത്തുന്ന കോഴ്സിൽ പങ്കെടുത്ത രണ്ടായിരം യുവതി യുവാക്കളെയാണ് സർവേയിൽ പങ്കെടുപ്പിച്ചത്. സർവേയിൽ പങ്കെടുത്തവരെ നഗര-ഗ്രാമീണ മേഖലകളിൽ നിന്നുള്ളവർ എന്ന നിലയിൽ വേർതിരിച്ചിരുന്നു. എന്നാൽ എല്ലാ പ്രദേശങ്ങളിൽ നിന്നുള്ളവരും ഏതാണ്ട് ഒരേ അനുപാതത്തിലാണ് നിർദ്ദേശങ്ങളോട് പ്രതികരിച്ചത്.

വിവാഹാർത്ഥികൾ എച്ച്.ഐ.വി. എയ്ഡ്സ് ടെസ്റ്റുകൾ നടത്തിയിരിക്കണം എന്നത് ഒരു നിയമമോ നിർബന്ധമോ ആയി അവതരിപ്പിക്കാൻ തത്ക്കാലം സഭയ്ക്ക് സാധ്യമല്ലെന്നു സീറോ മലബാർ സഭ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയുടെ തുടർ നടപടി കൗൺസിലിൻെറ കൺവീനറായ ബിഷപ്പ് മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് പറഞ്ഞു. അതേ സമയം ഇടവകകളിലും കുടുംബകൂട്ടായ്മകളിലും ഇതു സംബന്ധിച്ച ബോധവത്ക്കരണം നടത്തണം - അദ്ദേഹം പറഞ്ഞു.

വിവാഹിതരാകാൻ പോകുന്നവരിൽ നടത്തിയ സർവേ മാതാപിതാക്കളിലും നടത്താൻ സഭ തയ്യാറെടുക്കുന്നതായി അറിയുന്നു. മാതാപിതാക്കളുടെയും യുവതി യുവാക്കളുടെയും അഭിപ്രായങ്ങൾ സമന്വയിപ്പിച്ച് അതിൽ നിന്നു കിട്ടുന്ന പ്രതികരണങ്ങളിലൂടെ മുന്നോട്ടുപോകാനാണ് സഭാ നേതൃത്വത്തിൻെറ തീരുമാനമെന്നറിയുന്നു.